പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 608 12.06.2012-ൽ മറുപടിക്ക്.

## മെക്ക ബിൽഡിംഗ് സെലക്ഷൻ ടീമിലെ കേരളത്തിന്റെ പ്രതിനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) 2011-ലെ ഹജ്ജിനായി മെക്കയിൽ കെട്ടിടം കണ്ടെത്തുന്നതിന് പോയ ബിൽഡിങ് സെലക്ഷൻ ടീമിൽ കേരളത്തിന്റെ പ്രതിനിധി ആരായിരുന്നു; പ്രസ്തുത വ്യക്തി ഏത് തസ്തികയിൽ എവിടെ ജോലി ചെയ്യുന്ന ആളായിരുന്നു; | : (എ) 2011-ലെ ഹജ്ജിനായി മക്കയിൽ കെട്ടിടം കണ്ടെത്തുന്നതിന് പോയ ബിൽഡിംഗ് സെലക്ഷൻ ടീമിൽ കേരളത്തിന്റെ പ്രതിനിധി ശ്രീ.കെ.നാസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. സ്പെഷ്യൽ ബിൽഡിംഗ്സ് ഡിവിഷൻ, കോഴിക്കോട് എന്നയാളായിരുന്നു. |
| (ബി) 2012 ൽ പ്രസ്തുത കാര്യത്തിനായി നിർദ്ദേശിച്ചത് ആരെയായിരുന്നെന്നും പ്രസ്തുത വ്യക്തി ഏത് തസ്തികയിൽ എവിടെ ജോലി ചെയ്യുന്ന ആളായിരുന്നെന്നും വെളിപ്പെടുത്തുമോ; | : (ബി) 2012-ൽ പ്രസ്തുത കാര്യത്തിനായി നിർദ്ദേശിച്ചിരുന്നത് ശ്രീ.എ.നസീം, യു.ഡി.ക്ലർക്ക്, ചീഫ് എഞ്ചിനീയറുടെ ഓഫീസ്, പി.ഡബ്ല്യൂ.ഡി. (എൻ.എച്ച്) തിരുവനന്തപുരം എന്നയാളാണ്. |
| (സി) പ്രസ്തുത വ്യക്തി ടീമിനോടൊപ്പം പോയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ ? | (സി) കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലെ കേരളത്തിന്റെ പ്രതിനിധികളായ ശ്രീ.അബ്ദുസ്സമദ് പൂക്കോട്ടൂരും പ്രൊഫ.എ.കെ.അബ്ദുൽ ഹമീദും ഹജ്ജ് 2012-നുള്ള ബിൽഡിംഗ് സെലക്ഷനുമായി ബന്ധപ്പെട്ട് രണ്ട് തവണ മെക്കയിൽ പോയിരുന്നു. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ഇതു സംബന്ധിച്ച അറിയിപ്പ് ഒന്നും ലഭിക്കാത്തതിനാലാണ് ശ്രീ.എ.നസീം പോകാതിരുന്നത്. |

സെക്ഷൻ ഓഫീസർ